**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 244** **26-06-2024 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ; | (എ) | സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഒരു ഹെൽപ്പ് ഡെസ്ക് സൗകര്യവും പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും, ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്. ആധാരത്തോടൊപ്പം രജിസ്ട്രേഷനുവേണ്ടി നിർബന്ധമായും ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റിന്റെ വലിപ്പം A3 യിൽ നിന്നും A4 ആയി രൂപ മാറ്റം വരുത്തിയിട്ടുമുണ്ട്. ഈ സൗകര്യം കൂടുതൽ വിപുലമാക്കുന്നതിനായി ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലൂടെ നല്കിക്കൊണ്ട് ആധാരങ്ങൾ കമ്പ്യൂട്ടർ മുഖാന്തിരം തയ്യാറാക്കുന്നതിനുള്ള ടെംപ്ളേറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സൗകര്യം പരീക്ഷണ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തുന്നതിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നാളിതുവരെ 6463 പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മുദ്രവില നിർണ്ണയം കൂടുതൽ സുതാര്യവും നികുതിദായകവുമാക്കാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനം വഴി കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മുദ്രവില നിർണ്ണയം കൂടുതൽ സുതാര്യവും നികുതി ദായകവുമാക്കാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിലൂടെ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലായാൽ മാത്രമെ മുദ്രപ്പത്ര ഭരണനിർവഹണം കൂടുതൽ സുതാര്യമാക്കുവാൻ കഴിയുകയുള്ളൂ. നിലവിൽ ആധാര രജിസ്ട്രേഷൻ ഇടപാടുകളിലൂടെ മാത്രമെ മുദ്രവില നിർണ്ണയം ശരിയാണോയെന്ന് വിലയിരുത്തുവാൻ കഴിയുന്നുള്ളൂ. ബാങ്കുകളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ധനകാര്യ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നു. സമാനമായി മറ്റു മേഖലകളിലേക്കും കൂടി ഇ-സ്റ്റാമ്പിംഗ് സംവിധാനം വ്യാപിക്കുന്നതിനായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം അനിവാര്യമാണ്.<br><br>രജിസ്ട്രേഷൻ ഇതര ഇടപാടുകൾക്കു കൂടി ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിക്കൊണ്ട് ഉത്തരവായിരുന്നുവെങ്കിലും ആയതിന്റെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകാത്തതിനാൽ നടപ്പിലായിരുന്നില്ല. ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ട്രഷറി വകുപ്പിന്റെ മേൽ നോട്ടത്തിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ